പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 418

# 2011-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

# 2011-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘം ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘം ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പിലെ (i)-ാം ഖണ്ഡം 2010 ഏപ്രിൽ 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും (ii)-ാം ഖണ്ഡം 2007 ജൂൺ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 63-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘം ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 63-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ, "അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക്" എന്ന വാക്കുകൾക്കുശേഷം, ഇനി പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"അല്ലെങ്കിൽ രജിസ്ട്രാറുടെ കീഴുദ്യോഗസ്ഥർക്ക്";

(ii) (7)-ാം ഉപവകുപ്പിനുശേഷം, ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) സർക്കാരിന്, ഈ വകുപ്പിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഗസറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ട്, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസ് (2011-ലെ 18) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ കേരള സഹകരണ സംഘം ആക്റ്റിലെ (1969-ലെ 21-ാം ആക്റ്റ്) 63-ാം വകുപ്പ് 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റ് (2000-ലെ 1-ാം ആക്റ്റ്) പ്രകാരം ഭേദഗതി ചെയ്തിരുന്നു. പ്രസ്തുത വകുപ്പും ഭേദഗതി ആക്റ്റിലെ VIII-ാം അദ്ധ്യായത്തിലെ മറ്റു ചില വ്യവസ്ഥകളും 2007 ജൂൺ 16-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 158/2007/സഹ. എന്ന സർക്കാർ ഉത്തരവിൻകീഴിൽ പുറപ്പെടുവിക്കുകയും 2007 ജൂൺ 18-ാം തീയതിയിലെ 1130-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 526/2007 ആയി പ്രസിദ്ധീകരിക്കുകയും ചെയ്ത വിജ്ഞാപന പ്രകാരം 2007 ജൂൺ 5-ന് നിലവിൽ വരികയുണ്ടായി. അപ്രകാരം ഭേദഗതി ചെയ്യപ്പെട്ട 63-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഒരാളെ സംസ്ഥാനം മുഴുവൻ അധികാരിതയുള്ള സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിക്കാവുന്നതും 63-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പുപ്രകാരം സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, ആക്റ്റ് പ്രകാരമുള്ള സഹകരണ ആഡിറ്റ് ഡയറക്ടറുടെ എല്ലാമോ ഏതെങ്കിലുമോ ആയ അധികാരങ്ങൾ ഏതെങ്കിലും ഉദ്യോഗസ്ഥന് ഏൽപ്പിച്ചുകൊടുക്കാവുന്നതുമാണ്.

2. ഒരു വർഷത്തേക്ക് സഹകരണ ആഡിറ്റ് ഡയറക്ടറുടെ ഒരു എക്സ് കേഡർ തസ്തിക സൃഷ്ടിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 2009 ജൂൺ 10-ന് പുറപ്പെടുവിക്കുകയും ഒരു ഉദ്യോഗസ്ഥനെ പ്രസ്തുത തസ്തികയിലേക്ക് നിയമിക്കുകയും ചെയ്തുവെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായില്ല. മുൻകാല പ്രാബല്യത്തോടെ വിജ്ഞാപനം പുറപ്പെടുവിക്കാൻ 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് സർക്കാരിനെ അധികാരപ്പെടുത്താത്തതിനാലും അപ്രകാരമുള്ള വിജ്ഞാപനത്തിന്റെ അഭാവത്തിൽ 2007 ജൂൺ 5-നുശേഷം നടത്തിയിട്ടുള്ള എല്ലാ ആഡിറ്റുകൾക്കും നിയമ പ്രാബല്യമില്ലാതായിത്തീരാമെന്നതിനാലും സഹകരണ ആഡിറ്റ് ഡയറക്ടറെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും അദ്ദേഹത്തിന്റെ അധികാരങ്ങൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിനും മുൻകാല പ്രാബല്യം നൽകേണ്ടത് ആവശ്യമാണെന്ന് കണ്ടെത്തുകയുണ്ടായി.

3. 2009 സെപ്റ്റംബർ 7-ാം തീയതി മാത്രമാണ് സഹകരണ ആഡിറ്റ് ഡയറക്ടർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്തിട്ടുള്ളൂ എന്നതിനാൽ സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങൾ അദ്ദേഹം യഥാർത്ഥത്തിൽ ഔദ്യോഗിക സ്ഥാനമേൽക്കുന്നതിന് മുന്നേതന്നെ ഏൽപ്പിച്ചുകൊടുക്കുന്ന സ്ഥിതിവിശേഷമുണ്ടായി. എന്നിരുന്നാലും, 2007

ജൂൺ 5-നും 2009 സെപ്റ്റംബർ 7-നും ഇടയിൽ നടത്തിയിട്ടുള്ള എല്ലാ ആഡിറ്റുകളും യഥാർത്ഥത്തിൽ ഭേദഗതി ചെയ്യുന്നതിനുമുമ്പുണ്ടായിരുന്ന വ്യവസ്ഥകൾപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരാൽ നടത്തപ്പെട്ടിട്ടുള്ളതാകയാൽ അങ്ങനെയുള്ള ആഡിറ്റുകളും ക്രമവൽക്കരിക്കേണ്ടതുണ്ട്. കൂടാതെ, 2010 ഏപ്രിൽ 25-ന് പ്രാബല്യത്തിൽ വന്ന 2010-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റ് (2010-ലെ 7-ാം ആക്റ്റ്) പ്രകാരം 63-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തിട്ടുണ്ട്.

4. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2010-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസ്, 2010 ജൂൺ 10-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2010 ജൂൺ 11-ാം തീയതിയിലെ 1334-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010-ലെ 22-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2010-ലെ 22-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 363-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2010 ജൂൺ 28-ാം തീയതി ആരംഭിച്ച് 2010 ജൂലൈ 29-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ 2010-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസ് (2010-ലെ 49) 2010 ആഗസ്റ്റ് 8-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ആഗസ്റ്റ് 8-ാം തീയതിയിലെ 1826-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 380-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അത് അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. ആയതിനാൽ 2011-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസ് 2011 ജനുവരി 22-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2011-ലെ 18-ാം നമ്പർ ഓർഡിനൻസായി 2011 ജനുവരി 23-ാം തീയതിയിലെ 154-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 63-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങൾ രജിസ്ട്രാറുടെ കീഴുദ്യോഗസ്ഥർക്കും ഏൽപ്പിച്ചുകൊടുക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 2-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന (8)-ാം ഉപവകുപ്പ് 63-ാം വകുപ്പിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാകുന്നു. കൂടാതെ, വിജ്ഞാപനങ്ങൾ, അവ പുറപ്പെടുവിച്ചതിനു ശേഷം, നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, ആയതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

ജി. സുധാകരൻ

(ശരിത്തർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘം ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1969-ലെ 21)

** ** ** **

63. സഹകരണ ആഡിറ്റ് ഡയറക്ടർ.—(1) ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനംമൂലം, ഒരാളെ സംസ്ഥാനമാകെ അധികാരിതയോടുകൂടിയ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിക്കേണ്ടതാണ്.

(2) സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിക്കപ്പെടേണ്ട ആളിന്റെ യോഗ്യതയും നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലായിരിക്കുന്നതാണ്.

(3) സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി, ഈ ആക്റ്റ് പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടർക്കുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(4) ഓരോ സംഘത്തിന്റെയും കണക്കുകൾ ഓരോ വർഷവും കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് ചെയ്യുകയോ അദ്ദേഹം അധികാരപ്പെടുത്തിയ ആളുകളാൽ ആഡിറ്റ് ചെയ്യിപ്പിക്കുകയോ ചെയ്യേണ്ടത് അദ്ദേഹത്തിന്റെ കർത്തവ്യമാകുന്നു.

(5) സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് നടത്തേണ്ട രീതി സർക്കാർ നിർണ്ണയിക്കേണ്ടതാണ്.

(6) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സഹകരണ ആഡിറ്റ് ഡയറക്ടറോ അദ്ദേഹം പ്രാധികാരം നൽകിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ്, സംസ്ഥാന സർക്കാരിന്റെയും സർക്കാരിതര അധികാരസ്ഥാനങ്ങളുടെയും മുൻപാകെ ഫയൽ ചെയ്യേണ്ട എല്ലാ ആവശ്യങ്ങൾക്കും വേണ്ടി സാധുവായിരിക്കുന്നതാണ്.

(7) സഹകരണ ആഡിറ്റ് ഡയറക്ടർ സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ നിയന്ത്രണത്തിൻകീഴിൽ ആയിരിക്കുന്നതാണ്.

** ** ** **